**Deepika**

**19 July 2018**

**Kochi, Rain Havoc, Flood, Relief Camps**



# 53 ക്യാമ്പുകളിൽ 3986 പേർ

**കൊച്ചി:** മഴക്കെടുതി ബാധിതമേഖലകളിലെ 53 ക്യാമ്പുകളിൽ അഭയം തേടിയിരിക്കുന്നവരുടെ എണ്ണം 3986. ചൊവ്വാഴ്ച 54 ക്യാമ്പുകളിലായി 4681 പേരെയാണ് പാർപ്പിച്ചിരുന്നത്. പുഴയിലെയും സമീപപ്രദേശങ്ങളിലെയും ജലനിരപ്പ് താഴുന്നതനുസരിച്ച് ക്യാമ്പുകൾ നിർത്താനാകുമെന്ന പ്രതീക്ഷയിലാണ് ജില്ലാ ഭരണകൂടം.

ഏറ്റവും കൂടുതൽ ക്യാമ്പുകൾ പ്രവർത്തിക്കുന്നത് പറവൂർ താലൂക്കിലാണ്-20. കണയന്നൂർ-12, മൂവാറ്റുപുഴ-ഒമ്പത്, ആലുവ-ആറ്, കൊച്ചി-മൂന്ന്, കോതമംഗലം-രണ്ട്, കുന്നത്തുനാട്-ഒന്ന് എന്നിങ്ങനെയാണ് മറ്റു താലൂക്കുകളിലെ ക്യാമ്പുകളുടെ എണ്ണം.

ഓരോ താലൂക്കിലും ക്യാമ്പുകളിൽ കഴിയുന്നവർ: പറവൂർ - 1527, കണയന്നൂർ - 475, മൂവാറ്റുപുഴ - 472, ആലുവ - 440, കൊച്ചി -834, കോതമംഗലം-154, കുന്നത്തുനാട്-84. മൊത്തം 1273 കുടുംബങ്ങളാണ് ക്യാമ്പുകളിൽ അഭയം തേടിയിരിക്കുന്നതെന്ന് ജില്ലാ ദുരന്ത നിവാരണ വിഭാഗം അറിയിച്ചു. വിവിധ താലൂക്കുകളിലെ ക്യാമ്പുകൾ ജില്ലാ കളക്ടർ മുഹമ്മദ് സഫീറുള്ള ഇന്നലെ സന്ദർശിച്ച് സജ്ജീകരണങ്ങൾ വിലയിരുത്തി. എല്ലാ ക്യാമ്പുകളിലും ഡോക്ടർമാരെ നിയോഗിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. മരുന്നുകളും ലഭ്യമാക്കിയിട്ടുണ്ട്. ഭക്ഷണം, വെള്ളം എന്നിവയ്ക്കും സജ്ജീകരണമുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസിനാണ് വൈദ്യസഹായത്തിന്റെ ചുമതല. ജില്ലാ സപ്ലൈ ഓഫീസ് താലൂക്ക് കേന്ദ്രങ്ങൾ മുഖേന ഭക്ഷണസാമഗ്രികൾ എത്തിക്കുന്നു. സ്വകാര്യവ്യക്തികളുടെയും സന്നദ്ധസംഘടനകളുടെയും സഹായവും ക്യാമ്പുകളിലുണ്ട്.